പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 185** **12-10-2026-ൽ മറുപടിയ്ക്ക്**

**കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. സി. കെ. ഹരീന്ദ്രൻ

ശ്രീ. കെ. മുരളീധരൻ
(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി, കാരുണ്യ ബെനവലന്റ് പദ്ധതി, ആർ.ബി.എസ്.കെ, ആരോഗ്യ കിരണം, ഹൃദ്യം, ആവാസ്, അമ്മയും കുഞ്ഞും, സുകൃതം, സർക്കാർ ജീവനക്കാർക്കുള്ള മെഡിസെപ്പ് തുടങ്ങിയ ആരോഗ്യ സുരക്ഷാ പദ്ധതികളുടെ ഭാഗമായി വിവിധ ആശുപത്രികൾക്കും ചികിത്സാ സ്ഥാപനങ്ങൾക്കും നിലവിൽ നൽകാനുള്ള കുടിശ്ശിക തുക എത്രയാണെന്ന് പദ്ധതി തിരിച്ച് ലഭ്യമാക്കുമോ;

**മറുപടി:** വിവിധ പദ്ധതികളിൽ നിലവിലുള്ള കുടിശ്ശിക ചുവടെ ചേർക്കുന്നു.

| പദ്ധതി | കുടിശ്ശിക (രൂപ) |
|---|---|
| കാരുണ്യആരോഗ്യസുരക്ഷാ പദ്ധതി | 16,52,45,25,765/- |
| കാരുണ്യബെനവനലന്റ് പദ്ധതി | 3,38,32,87,189/- |
| ആരോഗ്യകിരണം | 23,86,15,614/- |
| ഹൃദ്യം | 6,77,25,000/- |
| അമ്മയും കുഞ്ഞും | 46,09,27,000/- |
| ആർ.ബി.എസ്.കെ. | 13,01,10,000 |

മെഡിസെപ്പ് പദ്ധതിയിൽ ഉൾപ്പെടുന്ന ചികിത്സാ പാക്കേജുകൾക്ക് പദ്ധതിയിൽ എംപാനൽ ചെയ്തിട്ടുള്ള ആശുപത്രികളിൽ നടത്തുന്ന ചി കിത്സകൾക്ക് ഗുണഭോക്താക്കൾക്ക് ക്യാഷ്‌ലെസ് ആനുകൂല്യമാണ് ലഭ്യമാക്കുന്നത്. ആശു പത്രികളുമായി കരാറിലേർപ്പെട്ടിരിക്കുന്നത് ഇൻഷ്വറൻസ് കമ്പനിയാണ്. സർക്കാരിൽ ഈയിനത്തിൽ കുടിശ്ശികകളൊന്നും നിലവിലില്ല.

ആവാസ്, സുകൃതം പദ്ധതികളുമായി ബന്ധപ്പ വിവരം ശേഖരിച്ചു ലഭ്യമാക്കുന്നതാണ്.

**(ബി)** പ്രസ്തുത പദ്ധതികളിൽ എംപാനൽ ചെയ്ത ആശുപത്രികൾക്ക് കുടിശ്ശിക തുക ലഭ്യമാക്കുന്നതിൽ കാലതാമസം ഉണ്ടായിട്ടുണ്ടോ, ഇതുമൂലം ഗുണഭോക്താക്കൾക്ക് ചികിത്സ ലഭ്യമാക്കുന്നതിൽ എന്തെങ്കിലും ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

__മറുപടി:__ കുടിശ്ശിക തുക ലഭ്യമാക്കുന്നതിൽ കാലതാമസം കാരണം ഗുണഭോക്താക്കൾക്ക് ചികിത്സ ലഭ്യമാക്കുന്നതിൽ ബുദ്ധിമുട്ടുകൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഗുണഭോക്താക്കൾക്ക് കാര്യക്ഷമവും ഫലപ്രദവുമായ ചികിത്സ ഉറപ്പാ ക്കിവരുന്നു.

പദ്ധതികളിൽ എംപാനൽ ചെയ്ത ആശുപത്രികൾ സമർപ്പിക്കുന്ന ചികിത്സാ ചെലവിനുള്ള ക്ലെയിമുകൾ പരിശോധിച്ച്, നിലവിലുള്ള വ്യവ സ്ഥകൾക്കും നടപടിക്രമങ്ങൾക്കും വിധേയമായി തുക അനുവദിച്ചുവരുന്നു. ക്ലെയിമുകളുടെ പരിശോധന, ഫണ്ട് ലഭ്യത തുടങ്ങിയ വിവിധ ഘടകങ്ങൾ അനുസരിച്ച് തുക അനുവദിക്കുന്നതിൽ കാലതാമസം ഉണ്ടാകാൻ സാധ്യതയുണ്ട്. എന്നിരുന്നാലും, ഇത്തരത്തിലുള്ള കാലതാമസം മൂലം ഗുണഭോക്താക്കൾക്ക് ചികിത്സ ലഭ്യമാക്കുന്നതിൽ ബുദ്ധിമുട്ടുകൾ ഉണ്ടാകരുതെന്ന് എല്ലാ എംപാനൽ ചെയ്ത ആശുപത്രികൾക്കും വ്യക്തമായ നിർദ്ദേശം നൽകിയിട്ടുണ്ട്.

**(സി)** കുടിശ്ശിക തീർപ്പാക്കുന്നതിനായി നിലവിൽ സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

__മറുപടി:__ കുടിശ്ശിക തീർപ്പാക്കുന്നതിനായി ഫണ്ട് ലഭ്യമാ ക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

കാരുണ്യ ആരോഗ്യ സുരക്ഷ പദ്ധതിയുടെ കുടിശിക തീർപ്പാക്കുന്നതിനായി സ്റ്റേറ്റ് ഹെൽത്ത് ഏജൻസി സമർപ്പിച്ച പ്രൊപോസലിന്റെ അടിസ്ഥാനത്തിൽ 08-10-2026-ലെ G.O.(Rt No.3383/2026/H&FWD ഉത്തരവ് പ്രകാരം 500/- കോടി അനുവദിച്ചിട്ടുണ്ട്. ആദ്യം കുടിശിക വന്ന തുക ആദ്യം നൽകുക എന്നരീതിയിൽ സ്റ്റേറ്റ് ഹെൽത്ത് ഏജൻസി ആശുപത്രികൾക്കു തുക അനുവദിക്കുന്നതാണ്.

**(ഡി)** വിവിധ പദ്ധതികളിലായി കുടിശ്ശികയുള്ള തുക ഘട്ടംഘട്ടമായി അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

__മറുപടി:__ മുൻ ഖണ്ഡികയിലെ ഉത്തരം

**(ഇ)** എംപാനൽ ചെയ്ത ആശുപത്രികളിൽ പ്രസ്തുത പദ്ധതികളുടെ ഗുണഭോക്താക്കൾക്ക് ചികിത്സ തുടർന്നും തടസ്സമില്ലാതെ ലഭ്യമാക്കുന്നതിനും നിലവിലുള്ള കുടിശ്ശിക സമയബന്ധിതമായി തീർപ്പാക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ; കുടിശ്ശിക പൂർണ്ണമായും തീർപ്പാക്കുന്നതിന് പ്രതീക്ഷിക്കുന്ന സമയക്രമം വ്യക്തമാക്കുമോ?

__മറുപടി:__ ഫണ്ട് അനുവദിക്കുന്ന മുറയ്ക്ക് കുടിശ്ശിക തീർപ്പാക്കി വരുന്നുണ്ട്. എംപാനൽ ചെയ്ത ആശുപത്രികളിൽ പ്രസ്തുത പദ്ധതികളുടെ ഗുണഭോക്താക്കൾക്ക് ചികിത്സ തുടർന്നും തടസ്സമില്ലാതെ ലഭ്യമാക്കുന്നതിനായി എല്ലാ എംപാനൽ ചെയ്ത ആശുപത്രികൾക്കും ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ചികിത്സ ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട് ഗുണഭോക്താക്കൾക്ക് എന്തെങ്കിലും ബുദ്ധിമുട്ടുകൾ നേരിടുന്നപക്ഷം ബന്ധപ്പെട്ട ജില്ലാ ഇംപ്ലിമെന്റേഷൻ യൂണിറ്റുമായി ബ ന്ധപ്പെടാവുന്നതാണ്. കൂടാതെ, ദിശയുടെ ടോൾ ഫ്രീ നമ്പറായ 1056 മുഖേനയും പരാതികൾ അറിയിക്കാവുന്നതാണ്.

ആശുപത്രികൾ സമർപ്പിക്കുന്ന ക്ലെയിമുകൾ നിലവിലുള്ള വ്യവസ്ഥകൾക്കും നടപടിക്രമങ്ങ ൾക്കും വിധേയമായി പരിശോധിച്ച് അർഹമായ തുക അനുവദിച്ചുവരുന്നു. ക്ലെയിമുകളുടെ പരിശോധനയും തീർപ്പാക്കലും വേഗത്തിലാക്കു ന്നതിനും നിലവിലുള്ള കുടിശ്ശിക സമയബന്ധി തമായി തീർപ്പാക്കുന്നതിനും ആവശ്യമായ നട പടികൾ സ്വീകരിച്ചുവരുന്നു. ലഭിക്കുന്ന പരാതികൾ

പരിശോധിച്ച്, ഗുണഭോക്താക്കൾക്ക് ചികിത്സാ ആനുകൂല്യങ്ങൾ തടസ്സമില്ലാതെ ലഭ്യ മാക്കുന്നതിനും ആശുപത്രികൾക്ക് അർഹമായ തുക അനുവദിക്കുന്നതിനും തുടർനടപടികൾ സ്വീകരിച്ചു വരുന്നു.

**സെക്ഷൻ ഓഫീസർ**